**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.11.2024**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒഡിഷയിൽ അഭിസംബോധന ചെയ്യും.

2. ക്ഷേമ പെൻഷൻ തട്ടിപ്പ് വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം വിളിച്ചു. ധനമന്ത്രി ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുക്കും

3. ഉത്തരവാദിത്ത ലിംഗസമത്വ ടൂറിസം ആസ്പദമാക്കിയുള്ള പ്രഥമ അന്താരാഷ്ട്ര വനിത സമ്മേളനത്തിന് മൂന്നാറിൽ തുടക്കം.

4. ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് പുതുച്ചേരിക്കും തമിഴ്നാടിനും ഇടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരപ്രദേശത്ത് കർശന ജാഗ്രത.

5. ഐഎസ് എൽ ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ഹൈദരാബാദ്, മുംബൈസിറ്റിയെയും മോഹൻ ബഗാൻ ചെന്നൈയിൻ എഫ് സിയെയും നേരിടും.

&&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## പി.എം - കോൺഫറൻസ്

ഒഡിഷയിലെ ഭവനേശ്വറിൽ നടക്കുന്ന ഡി.ജി.പി, ഐജി തലത്തിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. സമ്മേളനത്തിൻറെ ഉദ്ഘാടനം ഇന്നലെ ആഭ്യന്തര മന്ത്രി അമിത്ഷാ നിർവഹിച്ചു. മൂന്നു ദിവസം നീളുന്ന സമ്മേളനത്തിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി,CRPF, NSG, IB, SPG, മേധാവിമാർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. ദേശീയ സുരക്ഷ, ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡലും ചടങ്ങിൽ സമ്മാനിക്കും.

RNI TVPM

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## മുഖ്യമന്ത്രി യോഗം

ക്ഷേമ പെൻഷൻ തട്ടിപ്പ് വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം വിളിച്ചു. ധനമന്ത്രി കെ എൻ ബാലഗോപാൽ ഉൾപ്പെടെയുള്ള മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. ജീവനക്കാരും പെൻഷൻകാരും അനർഹമായി ക്ഷേമപെൻഷൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട് വിവാദം ഉയർന്ന പശ്ചാത്തലത്തിലാണ് യോഗം.

&&&&&&&&&&&&&&&&&&&&

## ക്ഷേമ പെൻഷൻ

ക്ഷേമപെൻഷൻ അനർഹമായി കൈപ്പറ്റിയവർക്കെതിരെ സർക്കാർ കർശന നടപടിയെടുക്കണമെന്ന് കോൺഗ്രസ് നേതാവ് കെ.മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു. വിഷയത്തിൽ രാഷ്ട്രീയം കാണരുത്. കർശന നടപടിയാണ് വേണ്ടത്. വിലങ്ങാട്

ദുരിത ബാധിതർക്ക് അടിയന്തിര സഹായം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു

&&&&&&&&&&&&&&&&&&&

<u>നിർമല സീതാരാമൻ</u>

ബീഹാറിലെ മധുബനി ജില്ലയിൽ നടക്കുന്ന ക്രെഡിറ്റ് ഔട്ട്റീച് പരിപാടിയിൽ കേന്ദ്ര മന്ത്രി നിർമല സീതാരാമൻ ഇന്ന് പങ്കെടുക്കും. ചടങ്ങിൽ വിവിധ സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളുമായി മന്ത്രി സംസാരിക്കും. സ്വയം സഹായ സംഘങ്ങൾ, മറ്റ് മേഖലകളിലുള്ള ഗുണഭോക്താക്കൾ എന്നിവർക്ക് ആയിരം കോടിയിലധികം രൂപയുടെ വായ്പയും മന്ത്രി വിതരണം ചെയ്യും

&&&&&&&&&&&&&&&&&&&

<u>പാസിംഗ് ഔട്ട് പരേഡ്(ഇൻട്രോ)</u>

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ നടന്നു .നാവിക സേന മേധാവി അഡ്മിറൽ ദിനേശ് കെ.ത്രിപാഠി മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ......**

**(വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 3</u>

<u>അന്താരാഷ്ട്ര വനിത സമ്മേളനം</u>

ഉത്തരവാദിത്ത ലിംഗസമത്വ ടൂറിസം ആസ്പദമാക്കിയുള്ള പ്രഥമ അന്താരാഷ്ട്ര വനിത സമ്മേളനത്തിന് മൂന്നാറിൽ തുടക്കമായി. ലിംഗസമത്വവും സ്ത്രീ സൗഹൃദപരവുമായ ടൂറിസത്തെ പറ്റിയുള്ള കേരളത്തിൻറെ പ്രഖ്യാപനം സമ്മേളനത്തിൻ്റെ ഭാഗമായി ഉണ്ടാകും. ടൂറിസം വകുപ്പിൻറെയും യുഎൻ വിമനിൻറെയും പങ്കാളിത്തത്തിലെ "ഉത്തരവാദിത്ത ടൂറിസം മിഷൻ" സംഘടിപ്പിക്കുന്ന സമ്മേളനം തിങ്കളാഴ്ച അവസാനിക്കും.

&&&&&&&&&&&&&&&&&&&

## അശ്വിനി വൈഷ്ണവ് - ഗുജറാത്ത്

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഗുജറാത്തിൽ എത്തും. സൂറത്തിലെ ബുള്ളറ്റ് ട്രെയിൻ ട്രാക്ക് സ്ലാബ് നിർമാണ കേന്ദ്രവും വഡോദരയിലെ പ്ലസ്സർ ഇന്ത്യ ഫാക്ടറിയും അദ്ദേഹം സന്ദർശിക്കും. തുടർന്ന് വഡോദരയിലെ ഗതി ശക്തി വിശ്വവിദ്യാലയയുടെ രണ്ടാമത് ബിരുദദാന ചടങ്ങിൽ കേന്ദ്ര മന്ത്രി പങ്കെടുക്കും. വിവിധ മേഖലകളിൽ നിന്നുള്ള 239 വിദ്യാർത്ഥികൾക്ക് ചടങ്ങിൽ ബിരുദം നൽകും.

&&&&&&&&&&&&&&&&&&&

## കെഎസ്ഇബി

മീറ്റർ റീഡിംഗ് എടുക്കുമ്പോൾത്തന്നെ വൈദ്യുതി ബിൽ തുക ഓൺലൈനായി അടയ്ക്കാൻ സൗകര്യമൊരുക്കുന്ന പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതി വൻവിജയമെന്ന് കെഎസ്ഇബി. മീറ്റർ റീഡിംഗ് എടുക്കുന്ന പിഡിഎ മെഷീനിലൂടെ തന്നെ ഉപഭോക്താക്കൾക്ക് ബിൽ തുക അടയ്ക്കാൻ സാധിക്കുന്ന പദ്ധതിയാണിത്. ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് മുഖേനയോ, ഭീം, ഗൂഗിൾ പേ  തുടങ്ങിയ  ആപ്ലിക്കേഷനുകളിലൂടെ ക്യു ആർ കോഡ് സ്കാൻ ചെയ്തോ ബിൽ തുക അടയ്ക്കാൻ കഴിയുമെന്ന് കെഎസ്ഇബി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## വയനാട് - രാഹുൽ, പ്രിയങ്ക

വയനാട്ടിലെ ജനങ്ങൾക്ക് നന്ദി അറിയിക്കാൻ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് എം.പി പ്രിയങ്ക ഗാന്ധിയും കേരളത്തിലെത്തി.  കോഴിക്കോട് വിമാനത്താവളത്തിൽ എത്തിയ ഇരുവരും, തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പൊതുസമ്മേളത്തിൽ പങ്കെടുക്കും. നാളെ മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും സ്വീകരണ പരിപാടികളിൽ പങ്കെടുക്കുന്ന പ്രിയങ്ക  വൈകുന്നേരം ഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&&

**കെ. സുരേന്ദ്രൻ**

വയനാട്ടിൽ പുനരധിവാസം മുടങ്ങിയത് പിണറായി സർക്കാരിൻ്റെ പിടിപ്പുകേടു കൊണ്ടാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. തിരുവനന്തപുരത്ത് നടന്ന സംഘടനാ പർവ്വം യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. വയനാട് ദുരന്ത നിവാരണത്തിന് കേന്ദ്ര അവഗണന നേരിട്ടുവെന്നത് വ്യാജപ്രചരണമാണെന്ന് തെളിഞ്ഞ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പരസ്യമായി മാപ്പ് പറയണമെന്നും സുരേന്ദ്രൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**പത്തനംതിട്ട (ഇൻട്രോ)**

പത്തനംതിട്ടയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് ശാസ്ത്രീയ നൃത്തകലകൾ പഠിക്കാൻ സൗജന്യ പരിശീലനം നൽകി അമേരിക്കയിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകരായ അധ്യാപികമാർ. സാമൂഹിക പ്രവർത്തക എം.എസ്.സുനിലിന്റെ നേതൃത്വത്തിൽ ഓൺലൈനിലൂടെയാണ് ക്ലാസുകൾ നടത്തുന്നത്.
**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ് ശ്രീധർ.......**
**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 4**

**ഫെൻജൽ ചുഴലിക്കാറ്റ്**

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് കാരയ്ക്കലിനും മഹാബലിപുരത്തിനും ഇടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചുഴലികാറ്റിൻറെ പ്രഭാവത്തിൽ മണിക്കൂറിൽ 90 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുണ്ട്. കനത്ത മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ മേഖലയിൽ അതീവ

ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. തീരപ്രദേശത്തും ജാഗ്രത കർശനമാക്കിയിട്ടുണ്ട് പുതുച്ചേരിയിലും തമിഴ്നാട്ടിലും ശക്തമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. പ്രതികൂല കാലാവസ്ഥയെ തുടർന്ന് ചെന്നൈ വിമാനത്താവളവും സിനിമ തിയറ്ററുകളും അടച്ചു.

&&&&&&&&&&&&&&&&&&&&

## മഴ

കേരളത്തിൽ അടുത്ത 4 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തെക്കൻ കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐ എസ് എൽ

ഐഎസ് എൽ ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ഇന്നു വൈകുന്നേരം 5 മണിയ്ക്ക് മുംബൈയിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ഹൈദരാബാദ്, മുംബൈസിറ്റിയെ നേരിടും. കൊൽക്കത്തയിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ, ചെന്നൈയിൻ എഫ് സിയുമായി ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&&&&

## സെയ്ദ് മോദി ബാഡ്മിൻറൺ

ലക്നൗവിൽ നടക്കുന്ന സെയ്ദ് മോദി ബാഡ്മിൻറൺ ടൂർണമെൻറിൻറെ പുരുഷ-വനിത സിംഗിൾസ് സെമി മത്സരങ്ങൾ ഇന്ന്. വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം പി.വി സിന്ധുവും പുരുഷ സിംഗിൾസിൽ ലക്ഷ്യാ സെന്നും ഇന്ന് മത്സരിക്കും.

&&&&&&&&&&&&&&&&&&&&

## സിപിഎം നേതാവ്

സി പി എം നേതാവും ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ വൈസ് പ്രസിഡൻ്റുമായിരുന്ന ബിപിൻ സി ബാബു ബി ജെ പിയിൽ ചേർന്നു. വിഭാഗീയതയെ തുടർന്നാണ് ബിപിൻ പാർട്ടി വിട്ടത്. ബി

ജെ പി അഖിലേന്ത്യാ ജനറൽ സെക്രട്ടറി തരുൺ ചുഗ് ആണ് ബിപിന് അംഗത്വം നൽകിയത്.

&&&&&&&&&&&&&&&&&&&

<u>നല്ല വാർത്ത</u>

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&

<u>മുണ്ടക്കൈ - പുനരധിവാസം</u>

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം വേഗത്തിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നടത്തിയ കളക്ടറേറ്റ് മാർച്ചിൽ നേരിയ സംഘർഷം. പ്രവർത്തകർ കളക്ടറേറ്റിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു.

&&&&&&&&&&&&&&&&&&&

<u>ശബരിമല</u>

ശബരിമല സന്നിധാനത്ത് തീർഥാടകരുടെ തിരക്ക് തുടരുന്നു. ഇന്ന് രാവിലെ നട തുറന്നതുമുതൽ 12 വരെയുള്ള കണക്കനുസരിച്ച് 41385 തീർഥാടകരാണ് ദർശനം നടത്തിയത്. തത്സമയ ബുക്കിംഗിലൂടെ 7891പേരും ദർശനം നടത്തി.

&&&&&&&&&&&&&&&&&&&

<u>പന്തളം - അപകടം</u>

പത്തനംതിട്ട പന്തളത്ത് പത്തിയിൽ പടി എം.സിറോഡിൽ കാലിത്തീറ്റയുമായി വന്ന ലോറി വീടിനു മുകളിലേയ്ക്ക് മറിഞ്ഞ് ആറു പേർക്ക് പരിക്ക്. വീട്ടിലുണ്ടായിരുന്ന നാലു പേർക്കും ലോറിയുടെ ഡ്രൈവർ,ക്ലീനർ എന്നിവർക്കും പരിക്കുണ്ട്. തിരുവനന്തപുരം ഭാഗത്തേക്ക് കാലിത്തീറ്റയുമായി പോയ ലോറി ആണ് മറിഞ്ഞത്.

&&&&&&&&&&&&&&&&&&&

RNUTVPM

## സർവമത സമ്മേളനം - വത്തിക്കാൻ

ശിവഗിരിമഠം വത്തിക്കാനിൽ നടത്തുന്ന സർവമതസമ്മേളനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഇന്ന് പങ്കെടുക്കും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 നാണ് മാർപാപ്പയുടെ അഭിസംബോധന.

സമ്മേളനത്തോടനുബന്ധിച്ച് പ്രത്യേക സെഷനുകളും നടക്കും. ശ്രീനാരായണഗുരു ആലുവ അദ്വൈതാശ്രമത്തിൽ സംഘടിപ്പിച്ച സർവമതസമ്മേളനത്തിൻറെ ശതാബ്ദിയുടെ ഭാഗമായതാണിത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

RNU TVPM